# പതിനാലാം കേരള നിയമസഭ
# (ഇരുപത്തിരണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1471** **18.01.2021-ൽ മറുപടിയ്ക്ക്**

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ

| ചോദ്യം<br>ശ്രീ. ആർ.രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദമാക്കാമോ;<br><br>ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കും മാർക്കറ്റുകൾക്കും ഏതൊക്കെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവെന്നും ടി പദ്ധതികളുടെ പൂർത്തീകരണത്തിനു സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | എ) & ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 18 റോഡുകൾക്ക് 10.67 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 7 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 6 പ്രവൃത്തികൾ പുരോഗമിക്കുന്നു. ശേഷിക്കുന്ന 5 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.<br><br>മത്സ്യഫെഡ് മുഖാന്തിരം മാവേലിക്കര മണ്ഡലത്തിൽ ഒരു മത്സ്യഫെഡ് ഫിഷ് മാർട്ട് 09/02/2019 ന് ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് ആധുനിക വൽക്കരിക്കുന്നതിനായി 140.30 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപെട്ട 1125 വിദ്യാർത്ഥികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ 55.333 ലക്ഷം രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യവും നൽകിയിരുന്നു. കൂടാതെ മത്സ്യകൃഷി മേഖലയിൽ 495.1 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി സാധ്യമാക്കിയിട്ടുണ്ട്. |
| സി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) അനുബന്ധമായി ചേർക്കുന്നു. |

Sbitha

**സെക്ഷൻ ആഫീസർ**

# അനുബന്ധം

## മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

## തീരദേശ റോഡുകൾ

### 2016-17

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|
| 1 | ആലപ്പുഴ ജില്ല - വള്ളികുന്നം പഞ്ചായത്തിലെ വിവേകാനന്ദ ജംഗ്ഷൻ - മാവോലിമുക്ക് റ്റി. എ. കനാൽ എസ്. എൻ. ഡി. പി. എച്ച്. എസ്. സ്കൂൾ റോഡ് | 34.45 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | ആലപ്പുഴ ജില്ലയിലെ വള്ളികുന്നം പള്ളിക്കാത്തറ കൊട്ടാരത്തിൽ മുക്ക് റോഡ് | 16.96 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | അശാൻ മുക്ക് - ഏലിയാസ് നഗർ റോഡ് | 22.79 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | കല്ലികന്നിൽ മുക്ക് - കമ്പിളുമല പള്ളി റോഡ് | 77.91 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |

### 2017-18

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|
| 1 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | വള്ളികുന്നം - കാഞ്ഞിരത്തുമ്മൂട് പുത്തൻചന്ത റോഡ് | 46.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | താമരക്കുളം ജംഗ്ഷൻ - നെടുമ്പ്രാത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |

### 2019-20

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|
| 1 | മണ്ഡലിൽ ക്ഷേത്രം നിറവിനാൽ കോളനി റോഡ് | 101.00 ലക്ഷം | പ്രവൃത്തി പുരോഗമിച്ചുവരുന്നു |

| | | | |
|---|---|---|---|
| 2 | നൂറനാട് പഞ്ചായത്തിലെ പടനിലം ഫിഷ് മാർക്കറ്റ് - പറയംകുളം ജംഗ് ഷൻ | 109.00 ലക്ഷം | പ്രവൃത്തി പുരോഗമിച്ചുവരുന്നു |
| 3 | തഴക്കര പഞ്ചായത്തിലെ - വെട്ടിയാർ പാലം ആറ്റുതീരം റോഡ് | 111.00 ലക്ഷം | പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 4 | തഴക്കര പഞ്ചായത്തിലെ - അയ്യൻകോവിലാർ അക്വഡക്റ്റ് - മാംകുഴി കൊറ്റമുക്ക് ജംഗ് ഷൻ | 66.00 ലക്ഷം | പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 5 | മാവേലിക്കര മുൻസിപ്പാലിറ്റിയിലെ പ്രായിക്കര അച്ചൻകോവിലാർ കോസ്റ്റൽ റോഡ് | 76.00 ലക്ഷം | കരാർ നടപ്പിലാക്കി |
| 6 | തെക്കേകര ഗ്രാമപഞ്ചായത്തിലെ മാലിയേൽ എൽ. പി. എസ്. തെക്കേ ജംഗ് ഷൻ മുതൽ കനേജു ജംഗ് ഷൻ റോഡ് | 63.00 ലക്ഷം | പ്രവർത്തനം പുരോഗതിയിലാണ്. |

**2020-21**

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|
| 1 | വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ തെക്കേമുറി വാർഡ് നം. 13 കാഞ്ഞിപ്പുഴ പള്ളിമുക്ക് പമലന്റെ കിഴക്കത്തിൽ ജംഗ് ഷൻ | 45.90 ലക്ഷം | സാങ്കേതികാനുമതി നൽകി. |
| 2 | മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേൽ (നൂറനാട്) മാർക്കറ്റ് ജംഗ് ഷൻ ഇടമല റോഡ് | 39.00 ലക്ഷം | സാങ്കേതികാനുമതി നൽകി. |
| 3 | മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേൽ പഞ്ചായത്തിലെ അടിക്കാട്ടുകുളങ്ങര ഫിഷ് മാർക്കറ്റ് ജംഗഷൻ മുതൽ മണലാടി ജംഗ് ഷൻ റോഡ് | 24.30 ലക്ഷം | സാങ്കേതികാനുമതി നൽകി. |
| 4 | മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിലെ കൊറ്റംമുക്ക് മുപ്പത്തിമുക്ക് ജംഗ് ഷൻ മുതൽ മാരിമട റോഡ് | 45.50 ലക്ഷം | സാങ്കേതികാനുമതി നൽകി. |
| 5 | മാവേലിക്കര നിയോജക മണ്ഡലത്തിലെ വാർഡ് നം. 11 പുങ്കുവിള മുതൽ പുതുക്കുളം റോഡ് | 21.70 ലക്ഷം | സാങ്കേതികാനുമതി നൽകി. |

Shitha

**സെക്ഷൻ ആഫീസർ**